# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം**

പ്രിയദർശിനിഹിൽസ്പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഒക്ടോബർ 06

# വാർത്താക്കുറിപ്പ്

## കോവിഡ് 19: ആറാം സെമസ്റ്റർ യു.ജി. പരീക്ഷയെഴുതാൻ കഴിയാത്തവർക്കുള്ള പരീക്ഷ ഒക്ടോബർ 12 മുതൽ

കോവിഡ് 19 വ്യാപനത്തെത്തുടർന്ന് ആറാംസെമസ്റ്റർ യു.ജി. സി.ബി.സി.എസ്. (റഗുലർ/പ്രൈവറ്റ്) പരീക്ഷയെഴുതാൻ കഴിയാതിരുന്നവർക്കുള്ള പരീക്ഷകൾ ഒക്ടോബർ 12 മുതൽ ആരംഭിക്കും.

മാർച്ച് 20, 24, 26, 30 തീയതികളിൽ നടത്താനിരുന്ന (ജൂൺ 5,1,3,6 തീയതികളിലേക്ക് പിന്നീട് മാറ്റിയത്) ആറാം സെമസ്റ്റർ സി.ബി.സി.എസ്.(2017 അഡ്മിഷൻ റഗുലർ) പരീക്ഷകൾ യഥാക്രമം ഒക്ടോബർ 12, 13, 14, 15 തീയതികളിൽ നടക്കും.

മാർച്ച് 20, 24, 26, 30, ഏപ്രിൽ ഒന്ന് തീയതികളിൽ നടത്താനിരുന്ന (ജൂൺ 5,1,3,6 തീയതികളിലേക്ക് പിന്നീട് മാറ്റിയത്) ആറാം സെമസ്റ്റർ യു.ജി. സി.ബി.സി.എസ്.(2017 അഡ്മിഷൻ പ്രൈവറ്റ്) പരീക്ഷകൾ യഥാക്രമം ഒക്ടോബർ 12, 13, 14, 15, 16 തീയതികളിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/953/2020)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ.(മോഡൽ 1,2,3, 2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 15 വരെ www.mgu.ac.in എന്ന വെബ് സൈറ്റിലെ സ്റ്റുഡന്റ് പോർട്ടൽ ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/954/2020)

## സിൻഡിക്കേറ്റ് യോഗം 13ന്

മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റിന്റെ യോഗം ഒക്ടോബർ 13ന് രാവിലെ 10.30ന് സർവകലാശാല സിൻഡിക്കേറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ/39/955/2020)

## ആർ.എൽ.വി. കോളജിൽ
## എം.എ. പ്രവേശനം; അപേക്ഷിക്കാം

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ എം.എ. വോക്കൽ, വീണ, വയലിൻ, മൃദംഗം, ഭരതനാട്യം, മോഹിനിയാട്ടം, കഥകളി വേഷം, കഥകളി സംഗീതം, ചെണ്ട, മദ്ദളം എന്നീ കോഴ്സുകളിലേക്ക് പ്രവേശനത്തിന് അപേക്ഷിക്കാം. ഒക്ടോബർ 15 വരെ അപേക്ഷ നൽകാം. വിശദവിവരം www.mgu.ac.in എന്ന സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/956/2020)

## ബി.ബി.എ. എൽ.എൽ.ബി. പ്രവേശനം;
## അപേക്ഷ ഒക്ടോബർ 11 വരെ നൽകാം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി.ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 11 വരെ നീട്ടി. http://cat.mgu.ac.in/BBALLB എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. 50 സീറ്റാണുള്ളത്. മഹാത്മാഗാന്ധി സർവകലാശാല അംഗീകരിച്ച ഹയർ സെക്കൻഡറി/പ്ലസ്ടു/അംഗീകൃത തത്തുല്യ പരീക്ഷ 45 ശതമാനം മാർക്കോടെ പാസായവർക്ക് അപേക്ഷിക്കാം. എസ്.സി./എസ്.ടി., ലക്ഷദ്വീപിൽ നിന്നുള്ള എസ്.ടി. അപേക്ഷകർക്ക് പരീക്ഷ ജയിച്ചാൽ മതി. എസ്.ഇ.ബി.സി., ഒ.ഇ.സി. അപേക്ഷകർക്ക് യഥാക്രമം മൂന്ന്, അഞ്ച് ശതമാനം മാർക്കിൽ ഇളവുണ്ട്. പ്രായപരിധി: ജൂലൈ ഒന്നിന് 20 വയസിൽ താഴെ. എസ്.സി./എസ്.ടി./എസ്.ഇ.ബി.സി./ഒ.ഇ.സി. അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ ഒരു വർഷത്തെ ഇളവ് ലഭിക്കും. ജനറൽ വിഭാഗത്തിന് 600രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 300 രൂപയുമാണ് അപേക്ഷ ഫീസ്. വിശദവിവരം വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2310165.

(പി.ആർ.ഒ/39/957/2020)

## എം.ജി.യിൽ ഐ.ടി. സെൽ ഡയറക്ടർ,
## സീനിയർ സിസ്റ്റം അനലിസ്റ്റ് ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിൽ ഐ.ടി. സെൽ ഡയറക്ടർ, സീനിയർ സിസ്റ്റം അനലിസ്റ്റ് എന്നീ തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. മൂന്നു വർഷത്തേക്കാണ് കരാറടിസ്ഥാനത്തിൽ താത്കാലിക നിയമനം. ഓരോ ഒഴിവാണുള്ളത്. ഒക്ടോബർ 27നകം അപേക്ഷിക്കണം. വിശദവിവരം www.mgu.ac.in എന്ന സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും. ഫോൺ: 0481 2733303.

(പി.ആർ.ഒ/39/958/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ